**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **13-09-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പ് നടപ്പാക്കുന്ന വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വിമുക്തി പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | (എ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിച്ച പദ്ധതിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'.<br><br>ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ശരിയായ അവബോധം നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിമുക്തി മിഷൻ നടത്തി വരുന്നത്. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആശുപത്രികളിൽ ലഭ്യമാക്കുന്നത്; വിശദമാക്കാമോ; | (ബി) | ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യമായി ലഹരിമോചന ചികിത്സ നൽകുന്നതിന് ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും 10 കിടക്കകളോട് കൂടിയ വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഈ സെന്ററുകളിൽ എത്തുന്നവർക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ഒരു മെഡിക്കൽ ഓഫീസർ, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നീ ജീവനക്കാരുടെ സേവനം ലഭ്യമാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ചികിത്സ നൽകുന്നതിന് നിലവിലെ സെന്ററിനോടനുബന്ധിച്ച് പ്രത്യേകമായി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ഒ.പി വിഭാഗത്തിലും ഐ.പി വിഭാഗത്തിലും ഈ സെന്ററുകളിൽ ചികിത്സ നൽകുന്നുണ്ട്. കൂടാതെ ഫാമിലി കൗൺസിലിംഗ്, ചികിത്സ കഴിഞ്ഞവരുടെ തുടർ നിരീക്ഷണം, ബോധവൽക്കരണ ക്ലാസുകൾ നൽകുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (സി) | വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ | (സി) | വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ |

| | | | |
|---|---|---|---|
| | കേന്ദ്രത്തിൽ കഴിഞ്ഞ വർഷം ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | | കേന്ദ്രത്തിൽ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നത് ഉൾപ്പെടെ, ഓരോ ജില്ലകളിലും പുതുതായി രണ്ട് ഡീ അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഓരോ ജില്ലകളിലും 2 ഡീ-അഡിക്ഷൻ സെന്ററുകൾ കൂടി പുതുതായി ആരംഭിക്കുന്നതിനുള്ള ഫണ്ട് വകയിരുത്തുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ